


# കുരിശിന്റെ വഴി -Way of the Cross

**Original Lyrics - Fr. Abel CMI**

Translated to English for MCYMNA.

Translated by
Fr. Jerry Mathew
Ms. Tessy Philip

# കുരിശിന്റെ വഴി

കുരിശിൽ മരിച്ചവനേ
കുരിശാലേ വിജയം വരിച്ചവനേ
മിഴിനീരൊഴുക്കിയങ്ങേക്കുരിശിന്റെ
വഴിയേ വരുന്നു ഞങ്ങൾ

ലോകൈകനാഥാ നിൻ ശിഷ്യനായ്ത്തീരുവാൻ
ആശിപ്പോനെന്നുമെന്നും
കുരിശു വഹിച്ചു നിൻ
കാൽപ്പാടു പിൻ ചെല്ലാൻ കല്പിച്ച നായകാ
നിൻ ദിവ്യരക്തത്താലെൻ പാപമാലിന്യം
കഴുകേണമേ ലോകനാഥാ (കുരിശിൽ ..)

## പ്രാരംഭ പ്രാർത്ഥന

നിത്യനായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലി കഴിക്കുവാൻ തിരുമനസ്സായ കർത്താവേ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു.

അങ്ങു ഞങ്ങളെ അനുഗ്രഹിച്ചു, അവസാനം വരെ സ്നേഹിച്ചു. സ്നേഹിതനു വേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. പീലാത്തോസിന്റെ ഭവനം മുതൽ ഗാഗുൽത്താ വരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാന യാത്ര അങ്ങേ സ്നേഹത്തിന്റെ ഏറ്റം മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീരിന്റെയും രക്തത്തിന്റെയും ആ വഴിയിൽക്കൂടി വ്യാകുലയാ മാതാവിന്റെ പിന്നാലെ ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. സ്വർഗ്ഗത്തിലേക്കുള്ള വഴി ഞെരുക്കമുള്ളതും വാതിൽ ഇടുങ്ങിയതുമാണെന്നു് ഞങ്ങളെ അറിയിച്ച കർത്താവേ ജീവിതത്തിന്റെ ഓരോ ദിവസവും ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും സന്തോഷത്തോടെ സഹിച്ചുകൊണ്ട് ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

കർത്താവേ അനുഗ്രഹിക്കണമേ.
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ

# Way of the Cross

O you who died on the Cross
And who was - victorious by the (same) Cross!
By shedding tears from our eyes, - we also
follow the way of Your Cross.

O Lo-rd of the world, who gave the command to
those seeking to follow you,
to take up and carry - one's own cross each day and
to follow in your footsteps,
O Lord of the – world - by your Precious Blood
wash away my stain of sin.

## Opening Prayer

Eternal God, we adore you. We thank you for giving us sinners your Son for sacrifice.

You loved us, you loved us until the very end. You have taught us that there is no greater love than giving one's life out of love. You showed us the strongest form of love from the moment you were condemned by Pilate to the moment you reached Golgotha. On the path of blood and tears we walk with Mother Mary to follow you. Our Lord who taught us that the path to Heaven is full of trials and that the gates to Heaven are narrow, help us to walk through them every day of our lives.

**Leader:** Bless us O Lord.

**People:** Holy Mother of God, imprint the Holy wounds of the crucified Son on my heart.

(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

മരണത്തിനായ് വിധിച്ചു, കറയറ്റ
ദൈവത്തിൻ കുഞ്ഞാടിനെ
അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.

അറിയാത്ത കുറ്റങ്ങൾ നിരയായ് ചുമത്തി
പരിശുദ്ധനായ നിന്നിൽ
കൈവല്യദാതാ, നിൻ കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ

അവസാനവിധിയിൽ നീ
അലിവാർന്നു ഞങ്ങൾക്കായ്
അരുളേണമേ നാകഭാഗ്യം. (മരണത്തിനായ്..)

## ഒന്നാം സ്ഥലം: ഈശോ മിശിഹാ മരണത്തിന് വിധിക്കപ്പെടുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു, എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടുരക്ഷിച്ചു.

മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലി ആരംഭിച്ചുകഴിഞ്ഞു. ഈശോ പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്നു. അവിടുത്തെ ഒന്നു നോക്കുക. ചമ്മട്ടിയടിയേറ്റ ശരീരം. രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ. തലയിൽ മുൾമുടി. ഉറക്കമൊഴിഞ്ഞ കണ്ണുകൾ. ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകൾ. ദാഹിച്ചുവരണ്ട നാവ്. ഉണങ്ങിയ ചുണ്ടുകൾ . പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു. കുറ്റമില്ലാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെട്ടു. എങ്കിലും, അവിടുന്ന് എല്ലാം നിശബ്ദനായി സഹിക്കുന്നു.
എന്റെ ദൈവമായ കർത്താവേ, അങ്ങു കുറ്റമറ്റവനായിരുന്നിട്ടും കുരിശുമരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മറ്റുള്ളവർ തെറ്റിദ്ധരിക്കുമ്പോഴും, നിർദ്ദയമായി വിമർശിക്കുമ്പോഴും കുറ്റക്കാരനായി വിധിക്കുമ്പോഴും അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാതെ അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ)

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

## (Going to First Station)

The - Lamb of God was condemned
though He was - unblemished by any stain.
He was judged and convicted
though He was - free from any blemishes.

Holy One, upon you they placed - many crimes
that were unknown to you.
Those-who-gained-your-mercy, drowned you in deep sorrow
O Giver of divine bliss.
On-the-Day-of-Judgment, grant us your mercy and
also the gift of - hea-ven.

## First Station: Jesus is Condemned to Death

**Leader:** We adore you O Christ and we praise you.
**People:** Because by your Holy Cross you have redeemed the whole world.

The sacrifice for humanity's forgiveness of sins has begun. Jesus stands before Pontius Pilate beaten and abused. His clothes stick to his skin, drenched in blood. His eyes are sunken in with no rest, and his arms and legs shake in exhaustion. His tongue is dry and thirsty and his lips are shriveled.
Pilate condemns Jesus to death. The sinless One accepts death for us sinners silently.
My Lord God, although you did no wrong, you accepted death on the Cross. When others disregard, ignore, and blame me, please bless me and teach me to accept what is given to me just as you did. Please help me to ignore their intentions, and rather to wholeheartedly pray for their well-being instead.

Our Father…Hail Mary…

**Leader**: Bless us O Lord.
**People:** Holy Mother of God, imprint the Holy wounds of the crucified Son on my heart.

(രണ്ടാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ )

കുരിശു ചുമന്നിടുന്നു ലോകത്തിൻ
വിനകൾ ചുമന്നിടുന്നു.
നീങ്ങുന്നു ദിവ്യ നാഥൻ നിന്ദനം
നിറയും നിരത്തിലൂടെ.

"എൻ ജനമേ, ചൊൽക
ഞാനെന്തു ചെയ്തു കുരിശെന്റെ തോളിലേറ്റാൻ
പൂന്തേൻ തുളുമ്പുന്ന നാട്ടിൽ ഞാൻ നിങ്ങളെ
ആശയോടാനയിച്ചു
എന്തേ,യിദം നിങ്ങ-
ളെല്ലാം മറന്നെന്റെ
ആത്മാവിനാതങ്കമേറ്റി" (കുരിശു..)

## രണ്ടാം സ്ഥലം: ഈശോ മിശിഹാ കുരിശ് ചുമക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു, എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടുരക്ഷിച്ചു.

ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് അവിടുന്നു മുന്നോട്ടു നീങ്ങുന്നു. ഈശോയുടെ ചുറ്റും നോക്കുക. സ്നേഹിതന്മാർ ആരുമില്ല. യൂദാസ് അവിടുത്തെ ഒറ്റിക്കൊടുത്തു. പത്രോസ് അവിടുത്തെ പരിത്യജിച്ചു. മറ്റു ശിഷ്യന്മാർ ഓടിയൊളിച്ചു. അവിടുത്തെ അത്ഭുതപ്രവർത്തികൾ കണ്ടവരും അവയുടെ ഫലമനുഭവിച്ചവരും ഇപ്പോൾ എവിടെ? ഓശാനപാടി എതിരേറ്റവരും ഇന്നു നിശബ്ദരായിരിക്കുന്നു. ഈശോയെ സഹായിക്കുവാനോ, ഒരാശ്വാസവാക്കു പറയുവാനോ അവിടെ ആരുമില്ല.

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു തന്റെ കുരിശും വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെ എന്ന് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. എന്റെ സങ്കടങ്ങളുടെയും ക്ലേശങ്ങളുടെയും കുരിശു ചുമന്നുകൊണ്ട് ഞാൻ അങ്ങേ രക്തമണിഞ്ഞ കാല്പാടുകൾ പിന്തുടരുന്നു. വലയുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്ന കർത്താവേ എന്റെ ക്ലേശങ്ങളെല്ലാം പരാതികൂടാതെ സഹിക്കുവാൻ എന്നെ സഹായിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

(Going to Second Station)

Behold, He carries the Cross
and thus bears - the sins of the who-le world.
Holy Lord moves on the streets
surrounded - by taunts and rude ridicule.

"Tell me, - my people
what did I do to earn - this Cross on my shoulder?
I guided you filled with - hope to that ble-ssed land
flowing with milk and ho-ney.
Why have you forgotten - all that I've done for you
and filled - my soul with sorrow?"

## Second Station: Jesus Takes up His Cross

**Leader:** We adore you O Christ and we praise you.
**People:** Because by your Holy Cross you have redeemed the whole world.

Jesus moves forward taking on the heavy weight of the Cross. Looking around Him, there is no one there who loves him. Judas betrayed Jesus and Peter rejected Him. The other followers have gone to hide. Where are the people who witnessed His miracles and those who took their benefits? Those who once loudly sang Hosanna now remain silent.
There is no one to help Him or even to offer a comforting word.
You have said the one who wishes to be your disciple must deny himself, take up his cross, and follow you. I take up my cross filled with burdens and sorrow and I follow you on your blood marked path. My Lord who relieves those who suffer, please help me to be strong enough to endure my burdens and sorrows with no complaints.

Our Father...Hail Mary...

**Leader:** Bless us O Lord.
**People:** Holy Mother of God, imprint the Holy wounds of the crucified Son on my heart.

(മൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

കുരിശിൻ കനത്തഭാരം താങ്ങുവാൻ
കഴിയാതെ ലോകനാഥൻ
പാദങ്ങൾ പതറി വീണു കല്ലുകൾ
നിറയും പെരുവഴിയിൽ

തൃപ്പാദം കല്ലിന്മേൽ തട്ടിമുറിഞ്ഞു
ചെന്നിണം വാർന്നൊഴുകി
മാനവരില്ല വാനവരില്ല
താങ്ങിത്തുണച്ചീടുവാൻ
അനുതാപമൂറുന്ന ചുടുകണ്ണുനീർ തൂകി
അണയുന്നു മുന്നിൽ ഞങ്ങൾ (കുരിശിൻ ..)

## മൂന്നാം സ്ഥലം: ഈശോ മിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടുരക്ഷിച്ചു.

കല്ലുകൾ നിറഞ്ഞ വഴി. ഭാരമുള്ള കുരിശ്. ക്ഷീണിച്ച ശരീരം. വിറയ്ക്കുന്ന കാലുകൾ. അവിടുന്നു മുഖം കുത്തി നിലത്തു വീഴുന്നു. മുട്ടുകൾ പൊട്ടി രക്തമൊലിക്കുന്നു. യൂദന്മാർ അവിടുത്തെ പരിഹസിക്കുന്നു. പട്ടാളക്കാർ അടിക്കുന്നു. ജനക്കൂട്ടം ആർപ്പുവിളിക്കുന്നു. അവിടുന്നു മിണ്ടുന്നില്ല.

"ഞാൻ സഞ്ചരിയ്ക്കുന്ന വഴികളിൽ അവർ എനിക്കു കെണികൾ വെച്ചു. ഞാൻ വലത്തേയ്ക്ക് തിരിഞ്ഞു നോക്കി. എന്നെ അറിയുന്നവർ ആരുമില്ല. ഓടിയൊളിക്കുവാൻ ഇടമില്ല. എന്നെ രക്ഷിക്കുവാൻ ആളുമില്ല."
"അവിടുന്നു നമ്മുടെ ഭാരം ചുമക്കുന്നു. നമുക്കുവേണ്ടി അവിടുന്നു സഹിച്ചു."

കർത്താവേ, ഞാൻ വഹിക്കുന്ന കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശോടു കൂടെ ഞാനും നിലത്തു വീണുപോകുന്നു. മറ്റുള്ളവർ അതുകണ്ടു പരിഹസിക്കുകയും, എന്റെ വേദന വർദ്ധിപ്പിക്കുകയും ചെയ്യാറുണ്ട്. കർത്താവേ എനിക്കു വീഴ്ചകൾ ഉണ്ടാകുമ്പോൾ എന്നെത്തന്നെ നിയന്ത്രിക്കുവാൻ എന്നെ പഠിപ്പിക്കണമേ. കുരിശു വഹിക്കുവാൻ ശക്തിയില്ലാതെ ഞാൻ തളരുമ്പോൾ എന്നെ സഹായിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

(Going to Third Station)

The-Lord of the whole world stumbled
and falls down - on that street covered with rocks
under the burdensome weight
of the Cross - that He was made to carry.

Landing-on the sharp stones, His Holy feet tore
and blood poured out from the wound.
Neither the earthly ones – nor the ones in heaven
are by His side to console.
We come to your presence – with e-yes welled with tears
that show - our true remorse.

## Third Station: Jesus Falls the First Time

Leader: We adore you O Christ and we praise you.
People: Because by your Holy Cross you have redeemed the whole world.

The road is full of stones, the Cross is very heavy…an extremely tired body…trembling legs…there He falls and hits His face to the ground… His knees tear and blood rushes from them. The soldiers beat and persecute Him. The crowd yells aloud at Him, and yet He remains silent.
"They have paved the road I travel on to destroy me. I look to the right and there is no one who knows me. I have nowhere to run and hide, there is no one here to save me. From there he carries our burdens, for us He suffers."
My Lord, the cross I carry is also very heavy. There are many times when I fall to the ground by the weight of my burdens. There are people who see me fall, ridicule me, and worsen my pain. Lord, when I fall please teach me how to gain control of myself to get back up. When I lose the strength to carry my cross, please help me.

Our Father…Hail Mary…

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart.

(നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

വഴിയിൽ കരഞ്ഞു വന്നോരമ്മയെ
തനയൻ തിരിഞ്ഞുനോക്കി
സ്വർഗ്ഗിയകാന്തി ചിന്തും മിഴികളിൽ
കൂരമ്പു താണിറങ്ങി

"ആരോടു നിന്നെ ഞാൻ സാമ്യപ്പെടുത്തും
കദനപ്പെരും കടലേ ആരറിഞ്ഞാഴത്തി-
ലലതല്ലിനിൽക്കുന്ന നിൻ മനോവേദന

നിൻ കണ്ണുനീരാൽ കഴുകേണമെന്നിൽ
പതിയുന്ന മാലിന്യമെല്ലാം (വഴിയിൽ ..)

## നാലാം സ്ഥലം: ഈശോ വഴിയിൽ വെച്ച തൻ്റെ മാതാവിനെ കാണുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

കുരിശുയാത്ര മുന്നോട്ടു നീങ്ങുന്നു. ഇടയ്ക്കു് സങ്കടകരമായ ഒരു കൂടികാഴ്ച. അവിടുത്തെ മാതാവു ഓടിയെത്തുന്നു. അവർ പരസ്പരം നോക്കി. കവിഞ്ഞൊഴുകുന്ന നാലു് കണ്ണുകൾ. വിങ്ങിപ്പൊട്ടുന്ന രണ്ടു ഹൃദയങ്ങൾ. അമ്മയും മകനും സംസാരിക്കുന്നില്ല. മകന്റെ വേദന അമ്മയുടെ ഹൃദയം തകർക്കുന്നു. അമ്മയുടെ വേദന മകന്റെ ദുഃഖം വർദ്ധിപ്പിക്കുന്നു. നാല്പതാം ദിവസം ഉണ്ണിയെ ദേവാലയത്തിൽ കാഴ്ച വെച്ച സംഭവം മാതാവിന്റെ ഓർമ്മയിൽ വന്നു. "നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും" എന്നു പരിശുദ്ധനായ ശിമയോൻ അന്നു് പ്രവചിച്ചു.

"കണ്ണുനീരോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യുന്നു". "ഈ ലോകത്തിലെ നിസ്സാരങ്ങളായ സങ്കടങ്ങൾ നമുക്കു നിത്യഭാഗ്യം പ്രദാനം ചെയ്യുന്നു."

ദുഃഖസമുദ്രത്തിൽ മുഴുകിയ ദിവ്യ രക്ഷിതാവേ, സഹനത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ അങ്ങേ മാതാവിന്റെ മാതൃക ഞങ്ങളെ ആശ്വസിപ്പിക്കട്ടെ. അങ്ങയുടെയും അങ്ങേ മാതാവിന്റെയും സങ്കടത്തിനു കാരണം ഞങ്ങളുടെ പാപങ്ങൾ ആണെന്ന് ഞങ്ങൾ അറിയുന്നു. അവയെല്ലാം പരിഹരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

### (Going to Fourth Station)

The - Son turns and gazes back
to see His - mother weeping on the street.
Eyes that shed splendor divine
were pierced with - arrows of great agony.

"To whom shall I compare - you, O – Mo-ther,
O vast ocean of anguish!
Who would be able to – know the great waves of pain –
that crash within your heart?
May the sins that pollute – my heart be washed with
the – tears – you have shed, Mother!

## Fourth Station: Jesus Meets His Mother

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

Jesus moves forward carrying His cross. On His way he comes across a sorrowful sight, his mother runs toward Him. They look at each other, eyes filled, hearts breaking into pieces. They speak no words. Jesus' pain weighs heavy in Mary's heart, while her pain brings Him even more sorrow.
Mary recalls the words she heard on the fortieth day when presenting Baby Jesus at the temple. Simeon prophesied "a sword will pierce your heart." "They that sow in tears shall reap in joy. He who goes forth and weeps, bearing seed for sowing, shall come again with joy, bringing his sheaves with him."
My gracious savior who walks in sorrow, in the lonely moments of our suffering, may your mother's example be our comfort. We know our sin is the reason for the sadness you and your mother experienced. Please help us to repent for what we have done.

Our Father…Hail Mary…

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart

Translated to English for MCYMNA by Fr. Jerry Mathew and Ms. Tessy Philip

(അഞ്ചാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ )

കുരിശു ചുമന്നു നീങ്ങും നാഥനെ
ശിമയോൻ തുണച്ചീടുന്നു.
നാഥാ, നിൻ കുരിശു താങ്ങാൻ കൈവന്ന
ഭാഗ്യമേ, ഭാഗ്യം.

നിൻ കുരിശെത്രയോ ലോലം,
നിൻ നുകമാനന്ദ ദായകം
അഴലിൽ വീണുഴലുന്നോർക്കവലംബമേകുന്ന
കുരിശേ, നമിച്ചിടുന്നു.
സുരലോകനാഥാ നിൻ
കുരിശൊന്നു താങ്ങുവാൻ
തരണേ വരങ്ങൾ നിരന്തരം.
(കുരിശു ചുമന്നു )

## അഞ്ചാം സ്ഥലം: ശിമയോൻ ഈശോയെ സഹായിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

ഈശോ വളരെയധികം തളർന്നു കഴിഞ്ഞു. ഇനി കുരിശോടുകൂടെ മുന്നോട്ടു നീങ്ങുവാൻ ശക്തനല്ല. അവിടുന്നു വഴിയിൽ വെച്ചു തന്നെ മരിച്ചുപോയേക്കുമെന്ന് യൂദന്മാർ ഭയന്നു. അപ്പോൾ ശിമയോൻ എന്നൊരാൾ വയലിൽ നിന്നു വരുന്നത് അവർ കണ്ടു. കെവുറീൻകാരനായ ആ മനുഷ്യൻ അലക്സാണ്ടറിന്റെയും റോപ്പോസിന്റെയും പിതാവായിരുന്നു. അവിടുത്തെ കുരിശുചുമക്കാൻ അവർ അയാളെ നിർബന്ധിച്ചു - അവർക്ക് ഈശോയോട് സഹതാപം തോന്നിയിട്ടല്ല, ജീവനോടെ അവിടുത്തെ കുരിശിൽ തറയ്ക്കണമെന്ന് അവർ തീരുമാനിച്ചിരുന്നു.

കരുണാനിധിയായ കർത്താവേ, ഈ സ്ഥിതിയിൽ ഞാൻ അങ്ങയെ കണ്ടിരുന്നുവെങ്കിൽ എന്നെത്തന്നെ വിസ്മരിച്ചു ഞാൻ അങ്ങയെ സഹായിക്കുമായിരുന്നു. എന്നാൽ "എന്റെ ഈ ചെറിയ സഹോദരന്മാരിൽ ആർക്കെങ്കിലും നിങ്ങൾ സഹായം ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത് എന്ന് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. "അതിനാൽ ചുറ്റുമുള്ളവരിൽ അങ്ങയെ കണ്ടുകൊണ്ട് കഴിവുള്ള വിധത്തിലെല്ലാം അവരെ സഹായിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ. അപ്പോൾ ഞാനും ശിമയോനെപ്പോലെ അനുഗ്രഹീതനാകും, അങ്ങേ പീഡാനുഭവം എന്നിലൂടെ പൂർത്തിയാവുകയും ചെയ്യും.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

**(Going to Fifth Station)**

Simeon comes forth to assist
as the Lord - staggers along with the Cross.
O Lord, how splendid the boon
granted to support and - hold your Cross.

How light the Cross that - you o-ff-er to us
and your yoke grants us delight.
We adore you, O Cross, - who gives refuge to those
who writhe in great distress.
O Lo-rd of heaven, - grant us the graces to
bear Your - Cross for-ever.

## Fifth Station: Simon Helps Jesus Carry the Cross

**Leader:** We adore you O Christ and we praise you.
**People:** Because by your Holy Cross you have redeemed the whole world.

Jesus grows very tired, he does not have enough strength to move forward with the Cross. The soldiers feared that He may die in the middle of the path and so they called Simon the Cyrene, father of Alexander and Rufus, whom they saw coming out of the field. They made him carry the Cross for Jesus. They did this not out of sympathy for Jesus, but rather because they had decided already that He must die after being crucified.
My gracious Lord, if I had seen you suffering so horribly, I would have offered myself to help you. For it has been said "Whatever you have done for these least brothers of mine you have also done for me." Therefore, allow me to see you in those around me and please bless me to help them in whatever way I can. Then just as Simon was, I too will be blessed to have brought your suffering to an end.

**Our Father...Hail Mary...**

**Leader:** Bless us O Lord.
**People:** Holy Mother of God, imprint the Holy wounds of the crucified Son on my heart

(ആറാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

വാടിത്തളർന്നു മുഖം - നാഥന്റെ
കണ്ണുകൾ താണുമങ്ങി
വേറോനിക്കാ മിഴിനീർ തൂകി
ആ ദിവ്യാനനം തുടച്ചു.

മാലാഖമാർക്കെല്ലാ -
മാനന്ദമേകുന്ന മാനത്തെ പൂനിലാവേ
താബോർ മാമല -
മേലേ നിൻ മുഖം സൂര്യനെപ്പോലെ മിന്നി.

ഇന്നാമുഖത്തിന്റെ ലാവണ്യമൊന്നാകെ
മങ്ങി, ദുഃഖത്തിൽ മുങ്ങി (വാടിത്തളർന്നു..)

## ആറാം സ്ഥലം: വെറോനിക്ക മിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

ഭക്തയായ വെറോനിക്കാ മിശിഹായെ കാണുന്നു. അവളുടെ ഹൃദയം സഹതാപത്താൽ നിറഞ്ഞു. അവൾക്ക് അവിടുത്തെ ആശ്വസിപ്പിക്കണം. പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ അവൾ ഈശോയെ സമീപിക്കുന്നു. ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ. സ്നേഹം പ്രതിബന്ധം അറിയുന്നില്ല. "പരമാർത്ഥഹൃദയർ അവിടുത്തെ കാണും". "അങ്ങിൽ ശരണപ്പെടുന്നവരാരും നിരാശരാവുകയില്ല." അവൾ ഭക്തിപൂർവ്വം തന്റെ തൂവാലയെടുത്തു. രക്തം പുരണ്ട മുഖം വിനയപൂർവ്വം തുടച്ചു.

"എന്നോടു സഹതാപിക്കുന്നവരുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു നോക്കി. ആരെയും കണ്ടില്ല. എന്നെയാശ്വസിപ്പിക്കുവാൻ ആരുമില്ല." പ്രവാചകൻ വഴി അങ്ങ് അരുളിച്ചെയ്ത ഈ വാക്കുകൾ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിയ്ക്കുന്നു. സ്നേഹം നിറഞ്ഞ കർത്താവേ, വെറോനിക്കായെപ്പോലെ അങ്ങയോടു സഹതപിക്കുവാനും അങ്ങയെ ആശ്വസിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങേ പീഡാനുഭവത്തിന്റെ മായാത്ത മുദ്ര എന്റെ ഹൃദയത്തിൽ പതിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

## (Going to Sixth Station)

On His face weighed down fatigue
and blurry - and sunken in were His eyes.
Comes forth now Veronica, – shedding tears,
and wipes that ho-ly - face.

O Gentle Moonlight - of the heaven that grants
great delight to the angels
Upon Mount Ta-bor - Your face dazzled and
shone forth like the gleaming sun.
Indeed on this day – the-beauty of His face
dimmed and drowned in sadness.

## Sixth Station: Veronica Wipes the Face of Jesus

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

The devout Veronica sees Jesus approaching and her heart was filled with sympathy. She wanted to relieve his pain. She approaches Jesus without being concerned about what others might say. “Blessed are the pure of heart, for they will see God.” “Those who hope in You will not be put to shame.” Veronica devotedly wiped the bloody face of Jesus with her cloth.

“I looked for those who had sympathy and I found no one. There was no one to comfort me.” These words ring in my ears. My loving Jesus, I too wish to empathize, and comfort you as Veronica did. Please imprint your indelible image of suffering on my heart forever.

Our Father…Hail Mary…

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the cruci-fied Son on my heart

(ഏഴാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

ഉച്ചവെയിലിൽ പൊരിഞ്ഞു - ദുസ്സഹ
മർദ്ദനത്താൽ വലഞ്ഞു
ദേഹം തളർന്നു താണു - രക്ഷകൻ
വീണ്ടും നിലത്തുവീണു

ലോകപാപങ്ങളാണങ്ങയെ വീഴിച്ചു
വേദനിപ്പിച്ചതേവം
ഭാരം നിറഞ്ഞൊരാ ക്രൂശു നിർമ്മിച്ചതെൻ
പാപങ്ങൾ തന്നെയല്ലോ.

താപം കലർന്നങ്ങേ
പാദം പുണർന്നു ഞാൻ
കേഴുന്നു: കനിയേണമെന്നിൽ. (ഉച്ചവെയിലിൽ ..)

## ഏഴാം സ്ഥലം: ഈശോ മിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

ഈശോ ബലഹീനനായി വീണ്ടും നിലത്തു വീഴുന്നു. മുറിവുകളിൽ നിന്നു രക്തമൊഴുകുന്നു. ശരീരമാകെ വേദനിക്കുന്നു. "ഞാൻ പൂഴിയിൽ വീണുപോയി എന്റെ ആത്മാവു ദു:ഖിച്ചു തളർന്നു" ചുറ്റുമുള്ളവർ പരിഹസിക്കുന്നു. അവിടുന്ന് അതൊന്നും ഗണ്യമാക്കുന്നില്ല. "എന്റെ പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?" പിതാവിന്റെ ഇഷ്ടം നിറവേറ്റാനല്ലാതെ അവിടുന്നു മറ്റൊന്നും ആഗ്രഹിക്കുന്നില്ല.

മനുഷ്യപാപങ്ങളുടെ ഭാരമെല്ലാം ചുമന്ന മിശിഹായേ, അങ്ങയെ ആശ്വസിപ്പിക്കുവാനായി ഞങ്ങൾ അങ്ങയെ സമീപിക്കുന്നു. അങ്ങയെക്കൂടാതെ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ ശക്തിയില്ല. ജീവിതത്തിന്റെ ഭാരത്താൽ ഞങ്ങൾ തളർന്നു വീഴുകയും എഴുന്നേൽക്കുവാൻ കഴിവില്ലാതെ വലയുകയും ചെയ്യുന്നു. അങ്ങേ തൃക്കൈ നീട്ടി ഞങ്ങളെ സഹായിക്കണമേ.
(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

### (Going to Seventh Station)

Scorched by rays of the noon sun
His body - was drained of vitality.
By beatings, becoming weak,
the-Savior fell on the ground once a-gain.

It is the sins of the - world that made you fall
and gave you i-mmense pain.
Indeed it is the sins – that I have committed
that formed your weighty Cross.
Embracing your feet with – a heart of repentance,
O Lord, I plead for mercy.

## Seventh Station: Jesus Falls for the Second Time

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

Jesus becomes weak and falls for a second time. Blood pours from His wounds...His body aches immensely. “I fell in the ditch; My soul has fallen in sorrow.” Those around Jesus begin to rebuke and persecute Him. “Do I not have to drink from the cup which my Father gave me?” He wishes nothing more than to fulfill the will of the Father.

My Lord who carried the sins of so many, I wish I could have helped you when you had fallen. Without you, I have no strength. There are times when I too fall to the ground, and feel that I cannot get back up. Please lend your right hand and help me in those times.
Our Father...Hail Mary...

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart

(എട്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

"ഓർശ്ലേമിൻ പുത്രിമാരേ, നിങ്ങളി-
ന്നെന്നെയോർത്തെന്തിനേവം
കരയുന്നു നിങ്ങളെയും സുതരേയും
ഓർത്തോർത്തു കേണുകൊൾവിൻ"

വേദന തിങ്ങുന്ന കാലം വരുന്നു
കണ്ണീരണിഞ്ഞകാലം
മലകളേ, ഞങ്ങളെ മൂടുവിൻ വേഗമെ-
ന്നാരവം കേൾക്കുമെങ്ങും.
കരൾ നൊന്തു കരയുന്ന
നാരീഗണത്തിനു
നാഥൻ സമാശ്വാസമേകി (ഓർശ്ലേമിൻ ..)

## എട്ടാം സ്ഥലം: ഈശോ മിശിഹാ ഓർശ്ലേം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

ഓർശ്ലത്തിന്റെ തെരുവുകൾ ശബ്ദായമാനമായി. പതിവില്ലാത്ത ബഹളം കേട്ട് സ്ത്രീജനങ്ങൾ വഴിയിലേയ്ക്കു വരുന്നു. അവർക്കു സുപരിചിതനായ ഈശോ കൊലക്കളത്തിലേയ്ക്ക് നയിക്കപ്പെടുന്നു. അവിടുത്തെ പേരിൽ അവർക്കു് അനുകമ്പ തോന്നി. ഓശാന ഞായറാഴ്ചത്തെ ഘോഷയാത്ര അവരുടെ ഓർമ്മയിൽ വന്നു. സൈത്തിൻ കൊമ്പുകളും ജയ് വിളികളും. അവർ കണ്ണുനീർവാർത്തു കരഞ്ഞു.
അവരുടെ സഹതാപപ്രകടനം അവിടുത്തെ ആശ്വസിപ്പിച്ചു. അവിടുന്ന് അവരോടു പറയുന്നു: "നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഓർത്തു കരയുവിൻ."
ഏതാനും വർഷങ്ങൾക്കുള്ളിൽ ഓർശ്ലം ആക്രമിക്കപ്പെടും. അവരും അവരുടെ കുട്ടികളും പട്ടിണി കിടന്നു മരിക്കും. ആ സംഭവം അവിടുന്നു പ്രവചിക്കുകയായിരുന്നു. അവിടുന്നു സ്വയം മറന്ന് അവരെ ആശ്വസിപ്പിക്കുന്നു.
എളിയവരുടെ സങ്കേതമായ കർത്താവേ, ഞെരുക്കത്തിന്റെ കാലത്ത് ഞങ്ങളെ ആശ്വസിപ്പിക്കുന്ന ദൈവമേ, അങ്ങേ ദാരുണമായ പീഡകൾ ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. അവയ്ക്ക് കാരണമായ ഞങ്ങളുടെ പാപങ്ങളോർത്ത് കരയുവാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

### (Going to Eighth Station)

"Why do you - weep for me thus,
O my dear - daughters of Je-ru-sa-lem?
Weep instead - for your children
from now on, - shed your tears for your-selves.

Behold! The-time comes soon - that is filled with pain
and a time veiled with tears.
'Come and - fall on us – quickly O mountains'
-thus will the voi-ces cry.
Consoled the Lord thus – the group of women
who wept - with bro-ken hearts.

## Eighth Station: Jesus Meets the Women of Jerusalem

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

The streets of Jerusalem became noisy. Hearing the unusual uproar, the women approach the path. Jesus approaches His time of death and the women feel great pity. The women remembered that Palm Sunday and that joyous journey. They recall holding palms in their hands and crying Hosanna, but today they cried again loudly. They cry out of deep sympathy for Jesus. Their compassionate gesture comforts him. He says to them, "Weep not for me, but for yourselves and for your children."
In some years Jerusalem will be attacked. They and their children will die of starvation. Jesus is prophesying this incident at this time.
My help, my Lord, my Lord who relieves us in times of trial, I am filled with deep sorrow at the thought of your suffering. Please bless me and teach me to weep and repent for my own sins, which caused your suffering and to lead myself into a more holy path each day.

Our Father…Hail Mary…

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart.

(ഒൻപതാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

കൈകാലുകൾ കുഴഞ്ഞു - നാഥന്റെ
തിരുമെയ് തളർന്നുലഞ്ഞു
കുരിശുമായ് മൂന്നാമതും പൂഴിയിൽ
വീഴുന്നു ദൈവപുത്രൻ

"മെഴുകുപോലെന്നുടെ ഹൃദയമുരുകി
കണ്ഠം വരണ്ടുണങ്ങി
താണുപോയ് നാവെന്റെ ദേഹം നുറുങ്ങി
മരണം പറന്നിറങ്ങി"
വളരുന്നു ദുഃഖങ്ങൾ തളരുന്നു പൂമേനി
ഉരുകുന്നു കരളിന്റെയുള്ളം (കൈകാലുകൾ..)

## ഒമ്പതാം സ്ഥലം: ഈശോ മിശിഹാ മൂന്നാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

മുന്നോട്ടു നീങ്ങുവാൻ അവിടുത്തേയ്ക്കു് ഇനി ശക്തിയില്ല. രക്തമെല്ലാം തീരാറായി. തല കറങ്ങുന്നു. ശരീരം വിറയ്ക്കുന്നു. അവിടുന്ന് അതാ നിലംപതിക്കുന്നു. സ്വയം എഴുന്നേൽക്കുവാൻ ശക്തിയില്ല. ശത്രുക്കൾ അവിടുത്തെ വലിച്ചെഴുന്നേല്പിക്കുന്നു. ബലി പൂർത്തിയാകുവാൻ ഇനി വളരെ സമയമില്ല. അവിടുന്നു നടക്കുവാൻ ശ്രമിക്കുന്നു.

"നീ പീഡിപ്പിക്കുന്ന ഈശോയാകുന്നു ഞാൻ" എന്നു ശാവോലിനോട് അരുളിച്ചെയ്ത വാക്കുകൾ ഇപ്പോൾ നമ്മെ നോക്കി അവിടുന്ന് ആവർത്തിക്കുന്നു.
ലോകപാപങ്ങൾക്ക് പരിഹാരം ചെയ്ത കർത്താവേ, അങ്ങേ പീഡകളുടെ മുമ്പിൽ എന്റെ വേദനകൾ എത്ര നിസ്സാരമാകുന്നു. എങ്കിലും ജീവിതഭാരം നിമിത്തം, ഞാൻ പലപ്പോഴും ക്ഷീണിച്ചുപോകുന്നു. പ്രയാസങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിയ്ക്കുന്നു. ഒരു വേദന തീരും മുമ്പ് മറ്റൊന്നു വന്നുകഴിഞ്ഞു. ജീവിതത്തിൽ നിരാശനാകാതെ അവയെല്ലാം അങ്ങയെ ഓർത്തു സഹിക്കുവാൻ എനിക്കു ശക്തി തരണമേ. എന്തെന്നാൽ എന്റെ ജീവിതം ഇനി എത്ര നീളുമെന്നു് എനിക്കറിഞ്ഞുകൂടാ. ആർക്കും വേല ചെയ്യാൻ പാടില്ലാത്ത രാത്രികാലം അടുത്തു വരികയാണല്ലോ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

### (Going to Ninth Station)

Weary grew His hands and feet
and the Lord's - body became en-feebled.
Into the dust with the Cross
The-Son of God - falls down for the third time.

"Like melting wax did – my heart feel to me
and my throat became parched.
My tongue became numb, - my body pained and,
on me de-scen-ded death."
Anguish flourishes, Body grows weary
and heart - melts from – distress.

## Ninth Station: Jesus Falls the Third Time

**Leader:** We adore you O Christ and we praise you.
**People:** Because by your Holy Cross you have redeemed the whole world.

Jesus' body lacks the strength to move forward. He has no more blood, He falls dizzy, He shivers and falls...He does not have the strength to get up on His own...His enemies grab and pull Him, throwing His body up off the ground. There is not much time left for His sacrifice to be complete, and so He tried to walk forward to the end.
"I am Jesus whom you persecute." The words you spoke to Saul now look at us and repeat themselves.
My Lord who sacrificed himself for our sins, my pains are so incomparable to what you have suffered. Yet, in the walks of life, I too become very tired and weak. My burdens are slowly growing. It feels just as one problem is being solved, another presents itself. When life gets tough, please allow me to remember you and suffer for your sake, and please give me strength to move forward, without being discouraged. "As long as it is day we must do the works of Him who sent me. Night is coming when no one can work."

Our Father...Hail Mary...

**Leader:** Bless us O Lord.
**People:** Holy Mother of God, imprint the Holy wounds of the crucified Son on my heart

(പത്താം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

എത്തി വിലാപയാത്ര കാൽവരി -
ക്കുന്നിൻ മുകൾപ്പരപ്പിൽ
നാഥന്റെ വസ്ത്രമെല്ലാം ശത്രുക്കൾ
ഒന്നായുരിഞ്ഞു നീക്കി

വൈരികൾ തിങ്ങിവരുന്നെന്റെ ചുറ്റിലും
ഘോരമാം ഗർജ്ജനങ്ങൾ
ഭാഗിച്ചെടുത്തന്റെ വസ്ത്രങ്ങളെല്ലാം
പാപികൾ വൈരികൾ

നാഥാ, വിശുദ്ധി തൻ
തൂവെള്ള വസ്ത്രങ്ങൾ
കനിവാർന്നു ചാർത്തേണമെന്നെ (എത്തി..)

## പത്താം സ്ഥലം: ദിവ്യ രക്ഷകന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നുഎന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

ഗാഗുൽത്തായിൽ എത്തിയപ്പോൾ അവർ അവിടുത്തേയ്ക്കു് മീറ കലർത്തിയ വീഞ്ഞുകൊടുത്തു. എന്നാൽ അവിടുന്നു് അതു് സ്വീകരിച്ചില്ല. അവിടുത്തെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു് ഓരോരുത്തർ ഓരോ ഭാഗം എടുക്കുകയും ചെയ്തു. മേലങ്കി തയ്യൽ കൂടാതെ നെയ്യപ്പെട്ടതായിരുന്നു. അതു് ആർക്കു് ലഭിക്കണമെന്നു ചിട്ടിയിട്ടു തീരുമാനിക്കാം എന്നു് അവർ പരസ്പരം പറഞ്ഞു. "എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ മേലങ്കിക്കുവേണ്ടി അവർ ചിട്ടിയിട്ടു" എന്നുള്ള തിരുവെഴുത്തു അങ്ങനെ അന്വർത്ഥമായി.

രക്തത്താൽ ഒട്ടിപ്പിടിച്ചിരുന്ന വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ടപ്പോൾ ദുസ്സഹമായ വേദനയനുഭവിച്ച മിശിഹായേ, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി അങ്ങയെ ധരിക്കുവാനും, മറ്റൊരു ക്രിസ്തുവായി ജീവിക്കുവാനും എന്നെ അനുഗ്രഹിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മ നിറഞ്ഞ മറിയമേ..)

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

**(Going to Tenth Station)**

Reached the procession of grief
on the top - plateau of Ca-lvary.
Our Lord was stripped of his clothes
one by one – by the hands of enemies.

“I have been encircled - by my enemies
and their fe-ro-cious roars
Those evil-doers - and sinners cast lots
to divide my - garments.”
O Lord have-mercy and-a-dorn me with
white clothes - of ho-liness.

## Tenth Station: Removing the Clothes of Jesus

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

The soldiers tore Jesus’ clothes in four. His outer robe was one cloth piece, neither stitched nor sewn. They debated to whom each piece would go. They casted lots for my outer robe.
“They divided my clothing amongst themselves. They casted lots for my outer robe.” At this moment these words proved true.
My Savior who experienced so much pain when they removed the clothes from your back which were stuck to your body with blood, please help me remove my sinful old self and wear you, and live as another Christ.

Our Father…Hail Mary…

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart

(പതിനൊന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

കുരിശിൽ കിടത്തിടുന്നു - നാഥന്റെ
കൈകാൽ തറച്ചിടുന്നു
മർത്യനു രക്ഷനൽകാനെത്തിയ
ദിവ്യമാം കൈകാലുകൾ

"കനിവറ്റ വൈരികൾ ചേർന്നു തുളച്ചെന്റെ
കൈകളും കാലുകളും
പെരുകുന്നു വേദന ഉരുകുന്നു ചേതന
നിലയറ്റ നീർക്കയം
മരണം പരത്തിയോ-
രിരുളിൽ കുടുങ്ങി ഞാൻ
ഭയമെന്നെയൊന്നായ് വിഴുങ്ങി" (കുരിശിൽ ..)

## പതിനൊന്നാം സ്ഥലം: ഈശോ മിശിഹാ കുരിശിൽ തറക്കപ്പെടുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

ഈശോയെ കുരിശിൽ കിടത്തി കൈകളിലും കാലുകളിലും അവർ ആണി തറയ്ക്കുന്നു. ആണിപ്പഴുതുകളിലേയ്ക്കു കൈകാലുകൾ വലിച്ചു നീട്ടുന്നു. ഉഗ്രമായ വേദന. മനുഷ്യനു സങ്കൽപ്പിക്കാൻ കഴിയാത്തവിധം ദുസ്സഹമായ പീഡകൾ. എങ്കിലും അവിടുത്തെ അധരങ്ങളിൽ പരാതിയില്ല. കണ്ണുകളിൽ നൈരാശ്യമില്ല. പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് അവിടുന്ന് പ്രാർത്ഥിക്കുന്നു.

ലോക രക്ഷകനായ കർത്താവേ, സ്നേഹത്തിന്റെ പുതിയ സന്ദേശവുമായി വന്ന അങ്ങയെ ലോകം കുരിശിൽ തറച്ചു. അങ്ങു ലോകത്തിൽ നിന്നല്ലാത്തതിനാൽ ലോകം അങ്ങയെ ദ്വേഷിച്ചു. യജമാനനേക്കാൾ വലിയ ഭൃത്യനില്ലെന്നു് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. അങ്ങയെ പീഡിപ്പിച്ചവർ ഞങ്ങളെയും പീഡിപ്പിക്കുമെന്നു ഞങ്ങളറിയുന്നു. അങ്ങയോടു കൂടെ കുരിശിൽ തറയ്ക്കപ്പെടുവാനും, ലോകത്തിനു മരിച്ച്, അങ്ങേയ്ക്കുവേണ്ടി മാത്രം ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

### (Going to Eleventh Station)

Laying His body on Cross,
they nail the - hands and the feet o-f the Lord-
Holy hands and divine feet
that came to - grant salvation to mankind.

“Heartless-enemies-came - together and pierced both
my hands and feet - with nails.
A-go-ny increases, - and melts the consciousness
I sank to bottomless depths.
Entangled in darkness – that was spread by death,
great fear - swallowed - me whole.”

## Eleventh Station: Jesus is Nailed to the Cross

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

The soldiers lay Jesus on the Cross and begin to nail his hands and feet. They stretch the limbs of Jesus and cause him immense pain, humanly unimaginable pain. And yet Jesus gives no complaints, he expresses no despair in his eyes. Jesus prays that He will be able to fulfill the will of the Father.
My Lord and Savior of the World, you came to share the message of love, and the world nailed you on the Cross. You were not from this world, and they hated you. You have said that there is no servant who is greater than his master. You have said that those who persecuted you will persecute us also. Please bless me so that I may give myself on the Cross with you, give my life for the world, and live my life only for you for the rest of my days.

Our Father...Hail Mary...

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart

(പന്ത്രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

കുരിശിൽ കിടന്നു ജീവൻ പിരിയുന്നു
ഭുവനൈകനാഥനീശോ
സൂര്യൻ മറഞ്ഞിരുണ്ടു - നാടെങ്ങും
അന്ധകാരം നിറഞ്ഞു.

"നരികൾക്കുറങ്ങുവാനളയുണ്ടു
പറവയ്ക്കു കൂടുണ്ടു പാർക്കുവാൻ
നരപുത്രനൂഴിയിൽ തലയൊന്നു ചായ്ക്കുവാൻ
ഇടമില്ലൊരേടവും"
പുൽക്കൂടുതൊട്ടങ്ങേ പുൽകുന്ന ദാരിദ്ര്യം
കുരിശോളം കൂട്ടായി വന്നു (കുരിശിൽ ..)

## പന്ത്രണ്ടാം സ്ഥലം: ഈശോ മിശിഹാ കുരിശിന്മേൽ തൂങ്ങിമരിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

രണ്ടു കള്ളന്മാരുടെ നടുവിൽ അവിടുത്തെ അവർ കുരിശിൽ തറച്ചു. കുരിശിൽ കിടന്നുകൊണ്ട് ശത്രുക്കൾക്കു വേണ്ടി അവിടുന്ന് പ്രാർത്ഥിക്കുന്നു. നല്ല കള്ളനെ ആശ്വസിപ്പിക്കുന്നു. മാതാവും മറ്റു സ്ത്രീകളും കരഞ്ഞുകൊണ്ട് കുരിശിനു താഴെ നിന്നിരുന്നു. "ഇതാ നിന്റെ മകൻ" എന്ന് അമ്മയോടും, "ഇതാ നിന്റെ അമ്മ" എന്ന് യോഹന്നാനോടും അവിടുന്ന് അരുളിച്ചെയ്തു. പന്ത്രണ്ടു മണി സമയമായിരുന്നു. "എന്റെ പിതാവേ, അങ്ങേ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു, എന്നരുളിച്ചെയ്ത് അവിടുന്ന് മരിച്ചു. പെട്ടെന്ന് സൂര്യൻ ഇരുണ്ടു, മൂന്നു മണിവരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. ദേവാലയത്തിലെ തിരശീല നടുവേ കീറിപ്പോയി. ഭൂമിയിളകി. പാറകൾ പിളർന്നു. പ്രേതാലയങ്ങൾ തുറക്കപ്പെട്ടു. ശതാധിപൻ ഇതെല്ലാം കണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ടു് "ഈ മനുഷ്യൻ യഥാർത്ഥത്തിൽ നീതിമാനായിരുന്നു" എന്നു് വിളിച്ചുപറഞ്ഞു. കണ്ടു നിന്നവർ മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി.
"എനിക്ക് ഒരു മാമ്മോദീസാ മുങ്ങുവാനുണ്ട്. അത് പൂർത്തിയാകുന്നതുവരെ ഞാൻ അസ്വസ്ഥനാകുന്നു." കർത്താവേ, അങ്ങ് ആഗ്രഹിച്ച മാമ്മോദീസാ അങ്ങ് മുങ്ങിക്കഴിഞ്ഞു. അങ്ങേ ദഹനബലി അങ്ങ് പൂർത്തിയാക്കി. എന്റെ ബലിയും ഒരിക്കൽ പൂർത്തിയാകും. ഞാനും ഒരു ദിവസം മരിക്കും. അന്ന് അങ്ങയെപ്പോലെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ എന്നെ അനുവദിക്കണമേ. എന്റെ പിതാവേ, ഭൂമിയിൽ ഞാൻ അങ്ങയെ മഹത്വപ്പെടുത്തി. എന്നെ ഏല്പിച്ചിരുന്ന ജോലി ഞാൻ പൂർത്തിയാക്കി. ആകയാൽ അങ്ങേപ്പക്കൽ എന്നെ മഹത്വപ്പെടുത്തണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

(Going to Twelfth Station)

Lord of the whole universe
lays on the - Cross and His life drifts away.
The - sun hid all of its light
and the land - was filled with great darkness.

"Behold the foxes have - dens to dwell in and
birds of the skies have nests.
Yet the Son of Man – does not have a place
on earth to - lay His head."
Poverty that embraced – you since the manger
followed-your-life-to - the Cross.

## Twelfth Station: Jesus Died on the Cross

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

Jesus is on the Cross in between two thieves. Jesus lays on the Cross praying for all of his enemies. He comforts the good thief. Mary cries with the other women at the foot of the Cross. Jesus says "Here is your son" to his mother, and utters "Here is your mother" to John. It was twelve o'clock. Jesus prays "Father to you I offer my spirit" and dies. The sun quickly disappears. The sky darkens until three o'clock. The temple veil tears. The earth rumbles. Rocks split, tombs open.
The centurion saw what had happened and exclaims "Surely, he was the Son of God."
"I have a baptism to undergo, and how distressed I am until it is accomplished!" Lord, you have undergone the baptism you desired. One day my service will also be complete. One day I too will die. Please teach me to pray as you did on that day. "Father, on earth I glorified you. I completed the job you had given me. Therefore, glorify me before you.

Our Father…Hail Mary…

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart

(പതിമൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ )

അരുമസുതന്റെ മേനി - മാതാവു
മടിയിൽക്കിടത്തീടുന്നു
അലയാഴിപോലെ നാഥേ, നിൻ ദുഃഖം
അതിരു കാണാത്തതല്ലോ

പെരുകുന്ന സന്താപമുനയേറ്റഹോ നിന്റെ
ഹൃദയം പിളർന്നുവല്ലോ
ആരാരുമില്ല തെല്ലാശ്വാസമേകുവാൻ
ആകുലനായികേ
"മുറ്റുന്ന ദുഃഖത്തിൽ
ചുറ്റും തിരഞ്ഞു ഞാൻ
കിട്ടീലൊരാശ്വാസമെങ്ങും" (അരുമസുതന്റെ..)

## പതിമൂന്നാം സ്ഥലം: മിശിഹായുടെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നുഎന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

അന്നു് വെള്ളിയാഴ്ചയായിരുന്നു. പിറ്റേന്നു് ശാബതമാകും. അതുകൊണ്ടു് ശരീരങ്ങൾ രാത്രി കുരിശിൽ കിടക്കാൻ പാടില്ലെന്നു യൂദന്മാർ പറഞ്ഞു. എന്തെന്നാൽ ആ ശാബതം വലിയ ദിവസമായിരുന്നു. തന്മൂലം കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കണങ്കാലുകൾ തകർത്തു ശരീരം താഴെയിറക്കണമെന്ന് അവർ പീലാത്തോസിനോടു് ആവശ്യപ്പെട്ടു. ആകയാൽ പടയാളികൾ വന്നു മിശിഹായോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന രണ്ടു പേരുടെയും കണങ്കാലുകൾ തകർത്തു. ഈശോ പണ്ടേ മരിച്ചുകഴിഞ്ഞിരുന്നു എന്നു കണ്ടതിനാൽ അവിടുത്തെ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരാൾ കുന്തം കൊണ്ടു് അവിടുത്തെ വിലാപ്പുറത്തു കുത്തി. ഉടനെ അവിടെ നിന്നു രക്തവും വെള്ളവും ഒഴുകി. അനന്തരം മിശിഹായുടെ മൃതദേഹം കുരിശിൽ നിന്നിറക്കി അവർ മാതാവിന്റെ മടിയിൽ കിടത്തി.

ഏറ്റം വ്യാകുലയായ മാതാവേ, അങ്ങേ വത്സല പുത്രൻ മടിയിൽ കിടന്നുകൊണ്ടു മൂകമായ ഭാഷയിൽ അന്ത്യയാത്ര പറഞ്ഞപ്പോൾ അങ്ങു് അനുഭവിച്ച സങ്കടം ആർക്കു വിവരിക്കാൻ കഴിയും? ഉണ്ണിയായി പിറന്ന ദൈവകുമാരനെ ആദ്യമായി കൈയിലെടുത്തതു മുതൽ ഗാഗുൽത്താവരെയുള്ള സംഭവങ്ങൾ ഓരോന്നും അങ്ങേ ഓർമ്മയിൽ തെളിഞ്ഞു നിന്നു. അപ്പോൾ അങ്ങു് സഹിച്ച പീഡകളെയോർത്തു ജീവിത ദുഃഖത്തിന്റെ ഏകാന്തനിമിഷങ്ങളിൽ ഞങ്ങളെ ധൈര്യപ്പെടുത്തിയാശ്വസിപ്പിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

### (Going to Thirteenth Station)

The - mother lays the body
of her be-lo-ved son upon her lap.
Like the ends of the ocean
O Lady, your sorrow is boundless.

Struck by the head - of the swelling sword of grief
your gentle - heart - wa-s pierced.
There is - no one to - con-sole you right now
O Lady drenched in grief.
"Though I searched around - in my great distress
solace did not find me."

## Thirteenth Station: Jesus' Body is Placed in Mary's Lap

**Leader**: We adore you O Christ and we praise you.
**People**: Because by your Holy Cross you have redeemed the whole world.

It was Friday and Sabbath was fast approaching. The soldiers said the bodies could not remain on the Cross, because that Sabbath was a great day. Therefore, they asked Pilate to break the ankles of those who were crucified so they could take down the bodies. The soldiers broke the ankles of those who were crucified with the Messiah, but did not break the ankles of Jesus because they saw he had already died. Yet, one of the soldiers took a lance and pierced the side of Jesus, creating a wound from which blood and water poured out. They then placed the body of Jesus on the lap of Mary.
Dearest sorrowful Mother Mary, you held the broken and lifeless body of your precious son in your lap. Who can imagine that grief which you experienced, when your son uttered unspoken farewell to you? You remembered each moment from the moment you held the newborn Son of God to now at Golgotha. Remembering these trials you experienced, please encourage and comfort us in our daily struggles.

Our Father...Hail Mary...

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart

(പതിനാലാം സ്ഥലത്തേയ്ക്കുപോകുമ്പോൾ )

നാഥന്റെ ദിവ്യദേഹം വിധിപോലെ
സംസ്ക്കരിച്ചീടുന്നിതാ
വിജയം വിരിഞ്ഞു പൊങ്ങും ജീവന്റെ
ഉറവയാണാ കുടീരം

മൂന്നു നാൾ മത്സ്യത്തിനുള്ളിൽക്കഴിഞ്ഞൊരു
യൗനാൻ പ്രവാചകൻ പോൽ
ക്ലേശങ്ങളെല്ലാം പിന്നിട്ടു നാഥൻ
മൂന്നാം ദിനമുയിർക്കും.

പ്രഭയോടുയിർത്തങ്ങേ
വരവേല്പിനെത്തീടാൻ
വരമേകണേ ലോകനാഥാ (നാഥന്റെ..)

## പതിനാലാം സ്ഥലം: ഈശോ മിശിഹായുടെ മൃതദേഹം കല്ലറയിൽ സംസ്കരിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിച്ചു വണങ്ങി സ്തോത്രം ചെയുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

അനന്തരം പീലാത്തോസിന്റെ അനുവാദത്തോടെ റാംസാക്കാരനായ ഔസേപ്പ് ഈശോയുടെ മൃതദേഹം ഏറ്റെടുത്തു. നൂറു റാത്തലോളം സുഗന്ധകൂട്ടുമായി നിക്കോദേമൂസും അയാളുടെ കൂടെ വന്നിരുന്നു. യൂദന്മാരുടെ ആചാരമനുസരിച്ചു കച്ചകളും പരിമളദ്രവ്യങ്ങളും കൊണ്ടു ശരീരം പൊതിഞ്ഞു. ഈശോയെ കുരിശിൽ തറച്ചിടത്ത് ഒരു തോട്ടവും, അവിടെ ഒരു പുതിയ കല്ലറയുമുണ്ടായിരുന്നു. ശാബതം ആരംഭിച്ചിരുന്നതുകൊണ്ടും കല്ലറ അടുത്തായിരുന്നതുകൊണ്ടും, അവർ ഈശോയെ അവിടെ സംസ്ക്കരിച്ചു.

"അങ്ങ് എന്റെ ആത്മാവിനെ പാതാളത്തിൽ തള്ളുകയില്ല. അങ്ങേ പരിശുദ്ധൻ അഴിഞ്ഞു പോകുവാൻ അനുവദിക്കുകയുമില്ല."

അനന്തമായ പീഡകൾ സഹിച്ച് മഹത്വത്തിലേയ്ക്കു പ്രവേശിച്ച മിശിഹായേ, അങ്ങയോടുകൂടി മരിക്കുന്നവർ അങ്ങയോടുകൂടി ജീവിക്കുമെന്നും ഞങ്ങൾ അറിയുന്നു. മാമ്മോദീസാ വഴിയായി ഞങ്ങളും അങ്ങയോടുകൂടെ സംസ്ക്കരിക്കപ്പെട്ടിരിക്കയാണല്ലോ. രാവും പകലും അങ്ങേ പീഡാനുഭവത്തെപ്പറ്റി ചിന്തിച്ചു കൊണ്ട് പാപത്തിനു മരിച്ചവരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

കർത്താവേ അനുഗ്രഹിക്കണമേ,
പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

### (Going to Fourteenth Station)

The-Holy Body of the Lord
is being - buried according to the law.
Behold! the sepulcher that
springs forth the true source of victorious life.

Like Prophet Jonah – who dwelt in the womb of
the - great fish - i-n the sea
Our Lord will leave behind – all the sufferings
and will rise in three days.
O Lo-rd – of the world – grant us the grace to rise
in glory and wel-come you

## Fourteenth Station: Jesus is Buried in the Tomb

**Leader**: We adore you O Christ and we praise you.
People: Because by your Holy Cross you have redeemed the whole world.

Finally, with permission from Pilate, a man named Joseph from Ramsa took care of the body of Jesus. Nicodemus too accompanied with burial perfumes. They wrapped Jesus' body in cloth. There was a new tomb near to where Jesus was crucified. Because the Sabbath had begun and this tomb was nearby, they buried Jesus there.
"For you will not abandon my soul to Hell, nor will you allow your Holy One to see corruption."
My Lord who suffered so greatly and attained greater glory, we know that those who die with you will also live with you forever. Through baptism we are also buried with you. Morning and night, thinking about your passion, please allow me to live as those who are dead to sin.

Our Father…Hail Mary…

**Leader**: Bless us O Lord.
**People**: Holy Mother of God, imprint the Holy wounds of the crucified Son on my heart

Translated to English for MCYMNA by Fr. Jerry Mathew and Ms. Tessy Philip

## സമാപന ഗാനം

ലോകത്തിലാഞ്ഞു വീശി സത്യമാം
നാകത്തിൻ ദിവ്യകാന്തി
സ്നേഹം തിരഞ്ഞിറങ്ങി പാവന
സ്നേഹപ്രകാശതാരം.

നിന്ദിച്ചു മർത്യനാ സ്നേഹ തിടമ്പിനെ
നിർദ്ദയം ക്രൂശിലേറ്റി
നന്ദിയില്ലാത്തവർ
ചിന്തയില്ലാത്തവർ
നാഥാ, പൊറുക്കേണമേ.

നിൻ പീഡയോർത്തോർത്തു
കണ്ണീരൊഴുക്കുവാൻ
നൽകേണമേ നിൻ വരങ്ങൾ (ലോകത്തിലാഞ്ഞു..)

## സമാപന പ്രാർത്ഥന

നീതിമാനായ പിതാവേ, അങ്ങയെ രഞ്ജിപ്പിക്കുവാൻ സ്വയം ബലിവസ്തുവായിത്തീർന്ന പ്രിയപുത്രനെ തൃക്കൺ പാർക്കേണമേ. ഞങ്ങൾക്കു വേണ്ടി മരണം വരിച്ച അങ്ങേ പുത്രനെ സ്വീകരിച്ചു കൊണ്ടു ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും, ഞങ്ങളോടു രമ്യപ്പെടുകയും ചെയ്യണമേ.

അങ്ങേ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ആ തിരുരക്തത്തെയോർത്തു ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

ഞങ്ങളുടെ പാപം വലുതാണെന്നു് ഞങ്ങളറിയുന്നു. എന്നാൽ അങ്ങേകാരുണ്യം അതിനേക്കാൾ വലുതാണല്ലോ. ഞങ്ങളുടെ പാപങ്ങൾ കണക്കിലെടുക്കുമ്പോൾ അവയ്ക്കു വേണ്ടിയുള്ള ഈ പരിഹാരബലിയെയും ഗൗനിക്കേണമേ.

ഞങ്ങളുടെ പാപങ്ങൾ നിമിത്തം അങ്ങേ പ്രിയപുത്രൻ ആണികളാൽ തറയ്ക്കപ്പെടുകയും കുന്തത്താൽ കുത്തപ്പെടുകയും ചെയ്തു. അങ്ങേ പ്രസാദിപ്പിക്കുവാൻ അവിടുത്തെ പീഡകൾ ധാരാളം മതിയല്ലോ.

തന്റെ പുത്രനെ ഞങ്ങൾക്ക് നൽകിയ പിതാവിനു സ്തുതിയും കുരിശുമരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രന് ആരാധനയും രക്ഷണകൃത്യം പൂർത്തിയാക്കിയ പരിശുദ്ധാത്മാവിനു സ്തോത്രവുമുണ്ടായിരിക്കട്ടെ. ആമേൻ.

(1. സ്വർഗ്ഗസ്ഥനായ പിതാവേ.. 1. നന്മനിറഞ്ഞ മറിയമേ.. )

മനസ്താപപ്രകരണം

## Closing Song

The - true and di-vine Radiance
from heaven – with vigor spread in the world.
The-Holy loving Star of Light
descended - in the service of true love.

Mankind disgraced that - Love In-carnate
and cru-ci-fied Him harshly.
O Lord, grant for-give-ness
to those un-grateful ones
who acted thought-lessly.

To re-member your - Passion and weep tears
Lord, grant - us your - blessing.

## Closing Prayer

O Father of Truth, behold your Son, a sacrifice of atonement to you. Accept Him who died for me that I may obtain pardon through Him. Receive this oblation from my hands and be reconciled with me. Remember not the sins which I have committed against your majesty.

Behold His Blood is shed on Golgotha by the wicked and it is pleading for me. For my sake, accept my petition. As great is my guilt, greater is your mercy. If you weigh them, your compassion will outweigh the mountains that are weighed by you.

Look on the sins and look on the offering made for them; far greater is the offering and the sacrifice than the guilt. Because I have sinned, your beloved bore the nails and the spear. His sufferings are sufficient to appease you and by them I shall live.

Glory to the Father who delivered His Son for our salvation; adoration to the Son who died on the Cross and gave life to us all; and thanksgiving to the Spirit who both began and completed the mystery of our salvation. O Holy Trinity, exalted above all, have mercy on us all. Amen.

Our Father...Hail Mary...

**Act of Contrition**

Translated to English for MCYMNA by Fr. Jerry Mathew and Ms. Tessy Philip